**കേരള സംഗീത നാടക അക്കാദമി : സംസ്ഥാന അമേച്വർ നാടക മത്സരം – അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ പതിനഞ്ച് വരെ നീട്ടി.**

കേരള സംഗീത നാടക അക്കാദമി നടത്തുന്ന സംസ്ഥാന അമേച്വർ നാടക മത്സരത്തിലേക്ക് ഒക്ടോബർ പതിനഞ്ച് വരെ അപേക്ഷിക്കാം. 2024-2025 വർഷത്തിൽ സംസ്ഥാന അടിസ്ഥാനത്തിൽ ആണ് അമേച്വർ നാടക മത്സരം നടത്തുന്നത്. അക്കാദമി നിശ്ചയിക്കുന്ന മേഖലാ അടിസ്ഥാനത്തിൽ മത്സരം നടത്തിയതിനു ശേഷമാണ് സംസ്ഥാനതല മത്സരം നടത്തുക. അക്കാദമിയുടെ സംസ്ഥാന അമേച്വർ മത്സരത്തിലേക്ക് യോഗ്യത നേടുന്നതിനായി കേരളത്തിലെ അക്കാദമി അംഗീകാരമുള്ള സമിതികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിയമാവലിയും അപേക്ഷ ഫോമും സൂക്ഷ്മമായി പരിശോധിച്ച് അപേക്ഷയും അനുബന്ധ രേഖകളും തയ്യാറാക്കി അക്കാദമിയിൽ സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷയും നാടകത്തിന്റെ പൂർണ്ണമായ സ്ക്രിപ്റ്റും ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ 2024 ഒക്ടോബർ പതിനഞ്ചിന് വൈകുന്നേരം അഞ്ച് മണിക്കുള്ളിൽ അക്കാദമി ഓഫീസിൽ സമർപ്പിക്കണം. നിയമാവലിയും അപേക്ഷഫോറവും അക്കാദമി വെബ് സൈറ്റായ www.keralasangeethanatakaakademi.in ലും അക്കാദമി ഓഫീസിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും തപാൽ/കൊറിയർ മുഖേനയോ,അക്കാദമി ഓഫീസിൽ നേരിട്ടോ സമർപ്പിക്കാം. തപാൽ/കൊറിയറിലൂടെയോ, നേരിട്ടോ അല്ലാതെ ഓൺലൈനായി അപേക്ഷയോ, അനുബന്ധ രേഖകളോ സ്വീകരിക്കുന്നതല്ല. സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി ,ചെമ്പൂക്കാവ്,തൃശ്ശൂർ-20 എന്ന വിലാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അക്കാദമിയിൽ സമർപ്പിക്കുന്ന സ്ക്രിപ്റ്റുകൾ തിരികെ നൽകുന്നതല്ലെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ-0487 2332134,9895280511.



കരിവെള്ളൂർ മുരളി

സെക്രട്ടറി